
# എച്ച് ഐ ജെ യു പി എസ്

# ഉളുന്തി



# അക്കാദമിക മാസ്റ്റർപ്ലാൻ

**ആമുഖം**

**നവകേരള മിഷന്റെ** ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയതോതിലുള്ള പിൻതുണ ലഭിച്ചുവരികയാണ്. സ്കൂൾ തലത്തിലുള്ള സമഗ്രാസൂത്രണ പരിപാടിയുടെ ഭാഗമായി നടക്കുന്ന വികസന സെമിനാറുകൾ ജനപങ്കാളിത്തത്താൽ ശ്രദ്ധേയമാണ്. സ്കൂളിന്റെ സമഗ്ര വികസനത്തിനാവശ്യമായ വിഭവങ്ങൾ നൽകാൻ പൊതുസമൂഹം പൂർണ്ണമനസ്സോടെ മുന്നോട്ടു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അദ്ധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാറിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം പുതിയ അർത്ഥതലങ്ങളിലേക്ക് വ്യാപിക്കുകയാണ്.

ഭൗതിക സൗകര്യത്തെക്കുറിച്ച് സമൂഹത്തിനുണ്ടായിവന്ന പുതിയ ധാരണകളും സങ്കൽപ്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെട്ടുവരുന്നുണ്ട്. കെട്ടിടങ്ങളെക്കുറിച്ചുള്ള പുത്തൻ സങ്കൽപ്പങ്ങളും ഇതിൽ പ്രതിഫലിക്കുന്നു. എന്നാൽ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ അനിവാര്യതയായ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള കൃത്യമായ പദ്ധതികൾ രൂപപ്പെട്ടുവരേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികളുണ്ടായാലേ തയാറാക്കിയ ഭൗതിക സൗകര്യവികസനാസൂത്രണം സ്ഥാപനത്തിന് അനുയോജ്യമാണോ എന്ന് വിലയിരുത്താൻ കഴിയൂ.

ഒരു എയിഡഡ് വിദ്യാലയം എന്ന നിലയിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ആധുനീക സൗകര്യങ്ങൾ ഒരുക്കുന്നതിലും നമുക്ക് ഏറെമുന്നോട്ട് പോകേണ്ടതുണ്ട്. യജ്ഞത്തിന്റെ ഭാഗമായി ലഭ്യമായ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും മാനേജ്മെന്റിന്റെ പങ്കാളിത്തം ഉറപ്പാക്കിയും പൊതുസമൂഹത്തിന്റെ പിന്തുണയോടെയും സമഗ്ര ഗുണമേന്മാവിദ്യാലയം എന്ന കാഴ്ചപ്പാട് നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പരിപാടികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണ എല്ലാവിഭാഗങ്ങളിൽ നിന്നും ഉണ്ടാകുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയം മുന്നോട്ടുവെച്ച പ്രവർത്തനങ്ങളിൽ പൊതുസമൂഹം കാണിക്കുന്ന താൽപ്പര്യമാണ് നമ്മുടെ ഊർജ്ജം. സ്കൂളിലേക്ക് മൈക്ക് സെറ്റ്, കുട്ടികൾക്കാവശ്യമായ ഉച്ചഭക്ഷണ പാത്രം, ക്ലാസ് ലൈബ്രറികൾ, പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും എന്നിവ സാമൂഹ്യ പങ്കാളിത്തത്തോടെ യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിഞ്ഞു.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടുംകൂടി വിദ്യാലയത്തെ ഹൈടെക്ക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതികസാഹചര്യങ്ങളുടെ മികവും, വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളുമെല്ലാം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടിരിക്കുകയാണ്.

# കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

## 03/06/2025 മുതൽ 13/06/2025 വരെ - സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ

# 03/06/2025

<u>എൽ . പി</u>

**പൊതുവിഷയങ്ങൾ**

വിദ്യാലയത്തിലെ ഒന്നാം ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെ അറിയുവാനും അന്യോന്യം അറിയുവാനും അവസരം ഒരുക്കണം. പുതിയ അക്കാദമിക വർഷം സ്കൂളിൽ നിലവിലുള്ള സാധ്യതകളെയും വിഭവങ്ങളെയും കുട്ടികൾ അറിയേണ്ടതുണ്ട്. ക്ലാസിനെയും സ്കൂൾ ക്യാമ്പസിനെയും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്നും എങ്ങനെയാണ് ക്ലാസിലും സ്കൂളിലും പെരുമാറേണ്ടത് എന്ന പൊതുബോധം കുട്ടികളിൽ ഉളവാക്കാൻ സഹായകമാകും വിധമാണ് ഈ സെഷൻ പരിഗണിക്കേണ്ടത്. ഇതിനായി പുറകെ ചേർത്തിരിക്കുന്ന സൂചകങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. നിരീക്ഷണം, ചർച്ച, കുറിപ്പ് തയ്യാറാക്കൽ, ഭാഷാപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇത് പ്രാവർത്തികമാക്കാവുന്നതാണ്.

<u>യു . പി</u>

**ലഹരിക്കെതിരെയുള്ള പ്രതിരോധം**

- ലഹരി ഉപയോഗം ഇന്ന് നാം നേരിടുന്ന പ്രധാന സാമൂഹ്യ ഭീഷണിയാണ്. കുട്ടികൾ അവരുടെ കാഴ്ചപ്പാടുകളും ലഹരി വഴി ഉണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ചും അത് സമൂഹത്തിലും കുടുംബത്തിലും വ്യക്തിപരമായും ഉണ്ടാകുന്ന അനുരണനങ്ങൾ സംബന്ധിച്ചും മനസ്സിലാക്കേണ്ടതുണ്ട്. ലഹരി ഉപയോഗത്തിനെതിരായ മനോഭാവം കുട്ടികളിൽ വളർത്തുക എന്നത് പ്രധാനമാണ്. അതിന് സഹായമായ രചനയാണ് 'തെളിവാനം വരക്കുന്നവർ' എന്ന പുസ്തകം. പ്രസ്തുത പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസ് റൂം പ്രക്രിയയുടെ ഭാഗമാക്കാവുന്നതാണ്.
- സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം, സെമിനാറുകൾ, ഡിബേറ്റ്, റോൾ പ്ലേ തുടങ്ങിയവ നടത്തുമ്പോൾ ഭാഷാപരമായ വികാസത്തിൽ കുട്ടികൾ എവിടെ നിൽക്കുന്നുവെന്ന വിലയിരുത്താൻ കഴിയും. ഇക്കാര്യത്തിൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസുകളിൽ കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവരുടെ ലഹരിക്കെതിരായ നിലപാട് സൃഷ്ടികളിൽ വ്യത്യസ്തത സ്വാഭാവികമായും ഉണ്ടാകും. കൈക്കൊള്ളാൻ പ്രേരകമായ ഒട്ടനവധി ആശയങ്ങൾ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളിലേക്ക് എത്തുകയും ചെയ്യും.

# 04/06/2025

**ട്രാഫിക് നിയമങ്ങൾ**

<u>എൽ . പി</u>

- റോഡിലൂടെ നടന്നു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് മുറിച്ചു കടക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും പാലിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികളുമായും അവർക്കുണ്ടാകേണ്ട തിരിച്ചറിവുകളുമായും ബന്ധിപ്പിച്ച് അവതരിപ്പിക്കാം.
- റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ചു കടക്കുന്നതെങ്ങനെ, നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും

റോഡ് മുറിച്ചുകടക്കമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്ര ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ).

- റോഡിലൂടെ യാത്ര ചെയ്യുന്നത് സംബന്ധിച്ച്, സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽ നടക്കാരായും അഭിനയിച്ച് ഒരു മോക്ക് ഡ്രിൽ നടത്തുക.
- സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പാലിക്കേണ്ട രീതികൾ.
  കുട്ടികൾ സ്കൂൾ ബസ്/ഓട്ടോ/മറ്റ് വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (കയറുമ്പോൾ, യാത്രയിൽ, ഇറങ്ങുമ്പോൾ).
- റെയിൽ ക്രോസ്സുകൾ മുറിച്ച കടക്കമ്പോൾ/സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

<u>യു . പി</u>

- എല്ലാ ഗതാഗത സംവിധാനങ്ങളിലും യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ച കടക്കുന്നതെങ്ങനെ, നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ചുകടക്കമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്ര ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ).
- റോഡിലൂടെ യാത്ര ചെയ്യുന്നത് സംബന്ധിച്ച്, സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽ നടക്കാരായും അഭിനയിച്ച് ഒരു മോക്ക് ഡ്രിൽ നടത്തുക.
- കുട്ടികൾ ബസ്/ഓട്ടോ/മറ്റ് വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (കയറുമ്പോൾ, യാത്രയിൽ, ഇറങ്ങുമ്പോൾ)
- സൈക്കിളിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
- റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ, ചർച്ച ചെയ്യുക.
- ഒരാഴ്ചത്തെ ദിനപത്രങ്ങളിൽ വന്ന ഇരുചക്ര/മുച്ചക്ര/നാല് വാഹനാപകടങ്ങളെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളും നിരീക്ഷിക്കാനും അവ വിശകലനം ചെയ്യാനും, അപകടങ്ങൾ ഒഴിവാക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും അവസരം ഒരുക്കുക.
- 'സുരക്ഷിതയാത്ര' എന്ന ആശയത്തിനെ ആസ്പദമാക്കി മുദ്രാവാക്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുക.
- റോഡിലൂടെയുള്ള യാത്ര, റോഡ്/റെയിൽ മുറിച്ച കടക്കൽ സ്കൂൾ ബസിലുള്ള യാത്ര എന്നിവയുടെ അനുഭവം പങ്കുവെയ്ക്കൽ.
- റെയിൽ ക്രോസ്സുകൾ മുറിച്ച കടക്കമ്പോൾ/സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## 05/06/2025

## വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുകയും സ്ഥായിയായി അത് നിലനിൽക്കുന്നതിനുള്ള മനോഭാവം സ്കൂൾ കാലഘട്ടത്തിൽ തന്നെ രൂപപ്പെടുത്തണം. ജീവിതരീതി, ജീവിതശൈലി, മനോഭാവം എന്നിവയിൽ ശാസ്ത്രീയമായ സമീപനം കൈക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കണം. അതിനായി വിദ്യാലയം ശുചിത്വപൂർണവും ഹരിതാഭവുമാക്കുവാൻ കുട്ടികളിൽ ശുചിത്വബോധവും ഹരിതബോധവും വളർത്തിയെടുക്കേണ്ടതുണ്ട്.

പ്രവർത്തനങ്ങൾ 'ലോകപരിസ്ഥിതിദിന' വുമായി ബന്ധിപ്പിച്ച് ചെയ്യാൻ ശ്രദ്ധിക്കുക.

എൽ . പി & യു . പി

ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങളിൽ കേരളീയ സമൂഹം വളരെയേറെ ഗൗരവത്തോടെ ഇടപെടുന്നുണ്ട്. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ സംബന്ധിച്ച ശാസ്ത്രീയ ധാരണകൾ പ്രായത്തിനനുസൃതമായി കുട്ടികൾക്ക് ഉണ്ടാകണം. ഇക്കാര്യത്തിൽ വ്യക്തിപരമായും കൂട്ടായും എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന ധാരണ കുട്ടികൾക്ക് നൽകണം. സ്വന്തം ക്ലാസുമുറിയും സ്കൂൾക്യാമ്പസ്സും എങ്ങിനെയെല്ലാം ശുചിയുള്ളതും ആകർഷകമായതുമാക്കി മാറ്റാം എന്നത് സംബന്ധിച്ച പ്രായോഗിക അനുഭവങ്ങൾ കുട്ടികൾക്കുണ്ടാകണം. ഒരു കുട്ടിയും പാഴ്വസ്തുക്കൾ വലിച്ചെറിയാതെ അത് നിക്ഷേപിക്കാൻ ഒരുക്കിയ ഇടങ്ങളിൽ മാത്രം ഇടുക എന്നത് ജീവിതരീതിയും ശീലവുമാക്കി മാറ്റാം എന്ന ധാരണ കുട്ടികൾക്കുണ്ടാകാൻ സഹായകമായ പ്രവർത്തനങ്ങൾ സ്കൂളിലുണ്ടാകണം.

- കമ്പോസ്റ്റിങ്ങിന്റെ സംവിധാനം സ്കൂളിൽ ഒരുക്കാനും അത് പരിപാലിക്കാനും കഴിയണം.
- സ്കൂൾ പച്ചക്കറിത്തോട്ടം, ക്യാമ്പസ്സ്, ഹരിതവത്ക്കരണം തുടങ്ങി പ്രയോഗികമാക്കാവുന്നവ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് പ്രാവർത്തികമാക്കണം.
- ക്യാമ്പസ്സിന് പുറത്ത് മതിലിനും റോഡിനുമിടയിലുള്ള സ്ഥലം പൂച്ചെടികൾ വച്ച് പിടിപ്പിച്ച് ആകർഷകമാക്കൽ തുടങ്ങി സൗന്ദര്യവത്കരണത്തിന്റെ വ്യത്യസ്തങ്ങളായ സാധ്യതകൾ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ആരായാം.
- ഇവയുടെയെല്ലാം സംരക്ഷണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങളും ക്ലാസുകളിലുണ്ടാകണം.
- ഇതെല്ലാം സംബന്ധിച്ച ചർച്ചകൾ തീരുമാനിക്കാം.

## 09/06/2025

പൊതു ആരോഗ്യം

എൽ . പി & യു . പി

നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത സംബന്ധിച്ചും കൃത്യമായ ചർച്ചകൾ ഓരോ ക്ലാസിലും നടക്കണം. രോഗാതുരത ഒരു പ്രധാന പ്രശ്നമാണ്. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും കളികൾ വളരെ പ്രധാനമാണ്. കുട്ടികളിൽ കാണുന്ന മാനസികസമ്മർദ്ദങ്ങളും, പിരിമുറുക്കവും, ആകാംക്ഷയും ഒക്കെ മാറ്റാനും മാനസികാരോഗ്യം നിലനിർത്താനും കളികൾക്കും വ്യായാമത്തിനും നിർണ്ണായക പങ്കുണ്ട്. ശുചിത്വ ആരോഗ്യ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. അധികം വൈദഗ്ധ്യം അനിവാര്യമാണെങ്കിൽ അതത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം. പുറമെനിന്നുള്ള വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്ന ഘട്ടത്തിൽ സ്കൂൾ അസംബ്ലികളിൽ ആകുന്നതാണ് ഉചിതം.

പ്രധാന മേഖലകൾ

- പോഷണം
- ശുചിത്വം

- വ്യായാമം
- നല്ല ഉറക്കശീലം
- മനസ്സിന്റെ സന്തോഷം
- ആരോഗ്യ മര്യാദകൾ

## 10/06/2025

### ഡിജിറ്റൽ അച്ചടക്കം

**എൽ . പി & യു . പി**

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. കുട്ടികൾ പലതരം ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹികമാധ്യമങ്ങളും ഉപയോഗിക്കുന്നുണ്ട്. അവ വിവേകത്തോടെയും വിവേചനബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കണമെന്നുള്ള കൃത്യമായ ധാരണ കുട്ടികൾക്ക് ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം അവർ പലവിധത്തിലുള്ള ചതിക്കുഴികളിലും സൈബർ കുറ്റകൃത്യങ്ങളിലും അകപ്പെടുന്ന സാഹചര്യം ഉണ്ടാകാം. അത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാനും കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനുമായി ഡിജിറ്റൽ അച്ചടക്കത്തെ സംബന്ധിച്ച അറിവ് കുട്ടികളിൽ വികസിപ്പിക്കേണ്ടതുണ്ട്. അപ്പർ പ്രൈമറിതലത്തിലും ഹൈസ്കൂൾതലത്തിലും സംവാദങ്ങൾ, കുറിപ്പ് തയ്യാറാക്കൽ, വ്യക്തിഗത അനുഭവങ്ങൾ പങ്കുവെയ്ക്കൽ എന്നീ മാർഗങ്ങൾ ഇതിലേക്കായി അവലംബിക്കാവുന്നതാണ്. ഡിജിറ്റൽ അച്ചടക്കം സംബന്ധിക്കുന്ന ധാരണ കുട്ടികളിൽ വികസിപ്പിക്കുന്നതിനായി താഴെപ്പറയുന്ന സൂചകങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

- വിവിധ ഡിജിറ്റൽ ഉപകരണങ്ങൾ
- കുട്ടികൾ ഉപയോഗിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ
- അവ ഉപയോഗിക്കുന്നത് എന്തിനെല്ലാം
- ഉപയോഗിക്കുന്നതിന്റെ തോത്
- കുട്ടികൾക്ക് അറിയാവുന്ന സാമൂഹികമാധ്യമങ്ങൾ
- കുട്ടികൾ ഉപയോഗിക്കുന്ന സാമൂഹികമാധ്യമങ്ങൾ
- കുട്ടികൾക്ക് സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുവാനുള്ള പ്രായം
- ഡിജിറ്റൽ ഉപകരണങ്ങൾ/സാമൂഹിക മാധ്യമങ്ങളുടെ അമിത ഉപയോഗം/തെറ്റായ രീതിയിലുള്ള ഉപയോഗം സൃഷ്ടിക്കുന്ന കുറ്റകൃത്യങ്ങൾ
- സൈബർ കുറ്റകൃത്യങ്ങൾ - സൈബർ ഗ്രൂമിംഗ്, സൈബർ ബുള്ളിയിംഗ് എന്നിവ
- കുട്ടികളിൽ സൃഷ്ടിക്കുന്ന ശാരീരിക/മാനസിക പ്രശ്നങ്ങൾ
- സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാനടപടികൾ(നിയമങ്ങൾ)

- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ
- Cyber cell / Cyber dom / Cyber ethics ഇവയുമായി ബന്ധിപ്പിച്ച് കുട്ടി ആർജിക്കേണ്ട അറിവുകൾ

## 11/06/2025

### പൊതുമുതൽ സംരക്ഷണം

പൊതുമുതൽ എന്തുകൊണ്ട് സംരക്ഷിക്കപ്പെടണമെന്ന് സംബന്ധിച്ച ചെറിയ ക്ലാസ് മുതൽ തന്നെ കുട്ടികളിൽ അവബോധം ഉണ്ടാകണം.
ക്ലാസ്സ്മുറിയിലെ ഫർണിച്ചറുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ക്യാമ്പസ്സുകളിലെ പൊതുസൗകര്യങ്ങൾ, മൂത്രപ്പുര, ശുചിമുറി തുടങ്ങിയവയെല്ലാം പരിപാലിക്കേണ്ട അനിവാര്യത സംബന്ധിച്ച് കൃത്യമായ ധാരണ കുട്ടികളിൽ ഉളവാക്കേണ്ടതുണ്ട്.

<u>എൽ . പി</u>

- സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിക്കൽ.
- ബാഗ്, ചെരുപ്പ്, വാട്ടർ ബോട്ടിൽ, പുസ്തകം എന്നിവ നിശ്ചിത സ്ഥലത്ത് വയ്ക്കുന്നത് ശീലിക്കൽ.
- എല്ലാവർക്കുമായി ക്ലാസിൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ/സംവിധാനങ്ങൾ തിരിച്ചറിയൽ (ICT ഉപകരണങ്ങൾ, വായനസാമഗ്രികൾ, ബഞ്ച്, ഡസ്ക്, അലമാര, ബോർഡ്, ഡസ്റ്റർ, വേസ്റ്റ് ബിൻ, ഫാൻ, ലൈറ്റ്, ചാർട്ട്, മാർക്കർ, ചോക്ക്, ക്രയോൺസ്, ..) കൂട്ടുത്തരവാദിത്വത്തിൽ ഇവയുടെ സംരക്ഷണം.
- സ്കൂൾ കെട്ടിടവും പരിസരത്തുള്ള എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്നും അത് തന്റേതുകൂടെയാണെന്നും സംരക്ഷിക്കേണ്ടത് തന്റെ കൂടി ചുമതലയാണെന്ന് തിരിച്ചറിയൽ (സ്കൂൾ കെട്ടിടം, ചെടികൾ, മതിൽ, ക്ലാസ് മുറികൾ, കളിസ്ഥലം, ഡൈനിംഗ് ഹാൾ, ടാപ്പുകൾ, ബഞ്ച്, ഡെസ്ക്, ചുമരുകൾ എന്നിവയിൽ എഴുതാതെ സംരക്ഷിക്കൽ)
- മറ്റുള്ളവരുടെ വസ്തുവകകൾക്ക് കേടുപാടുണ്ടാക്കാതെ സംരക്ഷിക്കൽ.
- സ്കൂൾ വാഹനങ്ങളും സ്കൂളിലേക്കെത്തുന്ന മറ്റ് വാഹനങ്ങളും നശിപ്പിക്കാതിരിക്കൽ.

<u>യു . പി</u>

- സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിക്കൽ.
- ബാഗ്, ചെരുപ്പ്, വാട്ടർ ബോട്ടിൽ, പുസ്തകം എന്നിവ നിശ്ചിത സ്ഥലത്ത് വയ്ക്കുന്നത് ശീലിക്കൽ.
- എല്ലാവർക്കുമായി ക്ലാസിൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ/സംവിധാനങ്ങൾ തിരിച്ചറിയൽ. (ICT ഉപകരണങ്ങൾ, വായനസാമഗ്രികൾ, ബഞ്ച്, ഡസ്ക്, അലമാര,ബോർഡ്, ഡസ്റ്റർ, വേസ്റ്റ് ബിൻ, ഫാൻ, ലൈറ്റ്, ചാർട്ട്, മാർക്കർ, ചോക്ക്, ക്രയോൺസ്, ....) കൂട്ടുത്തരവാദിത്വത്തിൽ ഇവയുടെ സംരക്ഷണം
- സ്കൂൾ കെട്ടിടവും പരിസരത്തുള്ള എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്നും അത് തന്റേതുകൂടെയാണെന്നും സംരക്ഷിക്കേണ്ടത് തന്റെ കൂടി ചുമതലയാണെന്ന് തിരിച്ചറിയൽ (സ്കൂൾ കെട്ടിടം,

ചെടികൾ, മതിൽ, ക്ലാസ് മുറികൾ, കളിസ്ഥലം, ഡൈനിംഗ് ഹാൾ, ടാപ്പുകൾ, ബഞ്ച്, ടെസ്റ്റ്, ചുമരുകൾ എന്നിവയിൽ എഴുതാതെ സംരക്ഷിക്കൽ)

- മറ്റുള്ളവരുടെ വസ്തുവകകൾക്ക് കേടുപാടുണ്ടാക്കാതെ സംരക്ഷിക്കൽ.
- സ്കൂൾ വാഹനങ്ങളും സ്കൂളിലേക്കെത്തുന്ന മറ്റ് വാഹനങ്ങളും നശിപ്പിക്കാതിരിക്കൽ.
- പൊതു ഇടങ്ങൾ/പൊതുമുതൽ എന്നിവയുടെ സംരക്ഷണം, പരിപാലനം (ബസ്സ്റ്റാൻഡ്, കളിയിടം, പൊതുടാപ്പ്, കുടിവെള്ള സ്രോതസ്, ജലസ്രോതസുകൾ, കെട്ടിടങ്ങൾ,..)
- വഴിയിടങ്ങളിലെ സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും സംരക്ഷണം.
- പൊതുവാഹനങ്ങൾക്ക് കേടുപാടുണ്ടാക്കാതിരിക്കൽ.
- മറ്റ് കുട്ടികളുടെ സൈക്കിളുകൾ, സാമഗ്രികൾ എന്നിവ സ്വന്തം പോലെ സൂക്ഷിക്കൽ.

# 12/06/2025

## പരസ്പര സഹകരണം

ഏതാനും ചിലയിടങ്ങളിൽ ഹൈസ്കൂൾ കുട്ടികൾക്കിടയിൽ ക്ലാസുകൾ തമ്മിലോ, കൂട്ടങ്ങൾ തമ്മിലോ സംഘർഷങ്ങളുണ്ടാകുന്നതായി കാണുന്നു.
കൂടാതെ റാഗിങ്, അപമര്യാദയായുള്ള സംസാരം തുടങ്ങിയവയും കാണപ്പെടുന്നു. ഈ പ്രവണത മുളയിലേ ഇല്ലാതാക്കേണ്ടതുണ്ട്. ക്യാമ്പസ്സ് എന്നത് എല്ലാ കുട്ടികൾക്കും ഒരേപോലെ അവകാശപ്പെട്ടതാണെന്നും ക്യാമ്പസ്സിനകത്തും പുറത്തും സാഹോദര്യത്തോടെ പെരുമാറേണ്ടത് സംബന്ധിച്ച ധാരണ കുട്ടികളിലുണ്ടാകണം. പുതുതായി സ്കൂളിലെത്തുന്ന കുട്ടികൾക്ക് സ്കൂൾ ക്യാമ്പസ്സ്, അതിലെ സൗകര്യങ്ങൾ എന്നിവ പരിചയപ്പെടുത്തുക എന്നതും പ്രധാനമാണ്.
പരസ്പരസഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ ജീവിത സന്ദർഭങ്ങൾ, കഥ, സിനിമ എന്നിവ ഉപയോഗപ്പെടുത്തി ചർച്ച, സംവാദം എന്നിവ സംഘടിപ്പിക്കാം.

<u>എൽ . പി</u>

പരസ്പരസഹകരണം വ്യക്തി ജീവിതത്തിനും സാമൂഹികജീവിതത്തിനും അനിവാര്യമാണ്. ഗുണനിലവാരമുള്ള ജീവിതം എല്ലാവർക്കും ഉറപ്പുവരുത്താൻ പ്രൈമറി ക്ലാസുകളിൽ തന്നെ ഈ വിഷയത്തിന്റെ പ്രാധാന്യം തിരിച്ചറിയണം.

താഴെ കൊടുത്തിരിക്കുന്ന തീമുകൾ ഉപയോഗപ്പെടുത്തി റോൾപ്ലേ ഇതിനായി ഉപയോഗപ്പെടുത്തണം.

- ഡൈനിംഗ് സമയം
- ബസ് യാത്ര
- കുടുംബമായി കടയിൽ പോയത്
- അച്ഛനും അമ്മയും മക്കളും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ
- തുണിക്കട

യു . പി

പ്രവർത്തനം - ഉചിതമായ കേസുകൾ അവതരിപ്പിച്ച് പരസ്പരസഹകരണത്തിന്റെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കണം.

1. കുട്ടികളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.

2. കേസ് സ്റ്റഡികളുടെ അടിസ്ഥാനത്തിൽ സംവദിക്കുന്നു.

## 13/06/2025

### പൊതുക്രോഡീകരണം

03/06/2025 മുതൽ 13/06/2025 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിലുണ്ടായ ധാരണകളുടെ പൊതുക്രോഡീകരണമാണ് നടക്കേണ്ടത്. സുരക്ഷ സംബന്ധിച്ച പൊതു അവബോധവും ഉണ്ടാകണം. ഈ ക്രോഡീകരണത്തിലൂടെ വികസിച്ച ധാരണകളുടെ അടിത്തറയിലാകും തുടർന്ന് പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി നടക്കുന്ന പഠന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത്.

# എൽ പി

# തലം

# ഭാഷ

## I Std

### മലയാളം

ലക്ഷ്യങ്ങൾ

1. ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.
2. സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു.
3. കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.
4. നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു.
5. പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
6. ലളിതമായ കഥകൾ ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു.
7. സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു.
8. അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു.
9. പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ.

<u>പ്രതീക്ഷിതനേട്ടങ്ങൾ</u>

- വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കൽ
- പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു.
- വരികൾ കൂട്ടിച്ചേർത്ത് പറയുന്നു. പാടുന്നു.
- ആവശ്യമായ പദങ്ങൾ കണ്ടെത്തി പറയുന്നു. എഴുതുന്നു.
- കവിത, സംഭാഷണം, വിവരണം എന്നിവ തയ്യാറാക്കുന്നു.
- കഥകൾ പറയാനും ലഘുവാക്യങ്ങളിൽ എഴുതാനും സാധിക്കുന്നു.
- ഡയറി എഴുത്ത്
- എഴുതാനുള്ള ശേഷി കൈവരിക്കുന്നു.
- മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും.

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | മദർ പി.ടി.എ. |

# ക്ലാസ് II

## മലയാളം

പൊതുലക്ഷ്യങ്ങൾ:

1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നു.
2. വായന പരിപോഷണം
3. കുട്ടിക്കവിതകൾ, പാട്ടുകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു.
5. കഥകൾ കേട്ടാസ്വദിക്കുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു.
6. ലിഖിത രൂപത്തിലുള്ള ആശയപ്രകടനമാതൃകകൾ പ്രകടമാക്കുക, സ്വതന്ത്രരചനയിൽ ഏർപ്പെടുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1. ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.
2. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു.
3. കവിത ആസ്വദിക്കുന്നതിനും ഈണത്തിൽ അവതരിപ്പിക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു.
5. കഥകൾ ആസ്വദിക്കുന്നതിനും കഥാപൂരണം നടത്തുന്നു.
6. വിവിധ ലിഖിതങ്ങളിൽ ഏർപ്പെടുന്നു. സ്വതന്ത്ര്യരചനയിൽ ഏർപ്പെടുന്നു.

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടണഇ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

# ക്ലാസ് : III

## മലയാളം

### പൊതുലക്ഷ്യങ്ങൾ

1. ഒരു സാഹിത്യരൂപത്തെ വ്യത്യസ്തരൂപത്തിൽ ആവിഷ്ക്കരിക്കുന്നു.
2. കുട്ടികളെ മികച്ച വായനക്കാരാക്കുക.
3. സർഗ്ഗാത്മക രചനകളിലേർപ്പെടുന്നു.
4. മഹാന്മാരുടെ ജീവിതത്തെക്കുറിച്ചറിയുന്നു.
5. വായനയിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
6. കഥ/കവിത ആസ്വാദനപ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രതീക്ഷിതനേട്ടങ്ങൾ

- ഒരു വ്യവഹാരരൂപത്തെ വ്യത്യസ്തരൂപത്തിൽ ആവിഷ്ക്കരിക്കുന്നു.
- കുട്ടികളെ മികച്ച വായനക്കാരാക്കുന്നു.
- സർഗ്ഗാത്മകരചനകൾ ശേഖരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.
- കുട്ടികളിൽ സർഗ്ഗാത്മക രചനാശേഷി വളർത്തുന്നു.
- മഹാന്മാരുടെ ജീവിതത്തെക്കുറിച്ചറിയാനും ജീവിതത്തിൽ നല്ല ആശയങ്ങൾ പ്രയോജനപ്പെടുത്താനും കഴിയുന്നു.
- വ്യവഹാരരൂപങ്ങളെ സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നു.
- വായനയിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നു.
- വിവിധ വ്യവഹാരരൂപങ്ങളിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്,<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ഇംഗ്ലീഷ്

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

1. ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ
2. നിർദ്ദേശങ്ങള മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ
3. വായന മെച്ചപ്പെടുത്തൽ
4. വരികൾ കൂട്ടിച്ചേർക്കൽ
5. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കാനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. (Communication)

## പ്രതീക്ഷിത നേട്ടങ്ങൾ

- കഥകൾ ഇഷ്ടപ്പെടൽ
- ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ജനിപ്പിക്കൽ

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br><br>ജിഴഹഗശവെ റ്വ്യ ജിഴഹഗശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

# ക്ലാസ് II

## ഇംഗ്ലീഷ്

പൊതുലക്ഷ്യങ്ങൾ:

7. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English Programme.
8. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
9. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
10. ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
11. ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു, പറയുന്നു.
12. വരികൾ കൂട്ടിച്ചേർക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
- To develop communication skill.
- To develop English vocabulary
- To develop English knowledge and expressions.
- making sentences with 'ing' forms.
- in, on prepositions.

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

## ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജഠത്ത | S S അ<br>S ങ ഇ |
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടമേള്ള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | S ങ ഇ |

# ക്ലാസ് IV

## ഇംഗ്ലീഷ്

### പൊതുലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഇംഗ്ലീഷിൽ സർഗ്ഗാത്മകരചനകൾ നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷാശേഷികളുടെ വികാസം

### പ്രതീക്ഷിതനേട്ടങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി നേടുന്നു.
- കളികളിലൂടെ ഇംഗ്ലീഷ് ഭാഷ എളുപ്പമാക്കുന്നു.
- സർഗ്ഗാത്മകരചനകളുടെ അവതരണം നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷയിൽ താൽപ്പര്യം വളർത്തുന്നു.

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ ഇഹാമൈ ഠലമരവല്യ ടങ്ങ ഇഹാമൈ ജാത | ജാത ഊീറ ടങ്ങ |

# പരിസരപഠനം

# പരിസരപഠനം

## ലക്ഷ്യങ്ങൾ

1. നിരീക്ഷണം, താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുന്നു.
2. പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ.
3. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു.
4. വിവിധ ആഘോഷങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും അവയുടെ ഒരുക്കങ്ങൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾതിരിച്ചറിയുകയും വാചികമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.
5. പ്രധാന ദേശീയദിനാഘോഷങ്ങൾ എന്തൊക്കെയെന്ന് തിരിച്ചറിഞ്ഞ് അവയെക്കുറിച്ച് പറയുന്നു എഴുതുന്നു.
6. നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
7. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. താൽപ്പര്യം ജനിപ്പിക്കുന്നു. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- നിരീക്ഷണശേഷി കൈവരിക്കുന്നു.
- പരിസ്ഥിതിയുമായി സൗഹൃദം ജനിപ്പിക്കൽ
- ദൈനംദിനജീവിതവുമായുള്ള ബന്ധം മനസ്സിലാക്കുന്നു.
- വിവിധ ആഘോഷങ്ങൾ തിരിച്ചറിയുന്നു.
- ദേശീയ ദിനാഘോഷങ്ങൾ തിരിച്ചറിയുന്നു.
- ആഹാരശീലങ്ങൾ തിരിച്ചറിയുന്നു.
- വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്നു.

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

ക്ലാസ് II

## പരിസരപഠനം

### പൊതുലക്ഷ്യങ്ങൾ

1. സ്വന്തം നാടിനെക്കുറിച്ചറിയുന്നു, വീടിനെക്കുറിച്ചറിയുന്നു.
2. തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു.
3. ആരോഗ്യശുചിത്വശീലങ്ങൾ പാലിക്കാൻ പ്രാപ്തരാക്കുന്നു.
4. ജീവനുള്ളവയുടെ പ്രത്യേകതകൾ
5. ലഘുപരീക്ഷണ നിരീക്ഷണങ്ങൾ
6. വിവിധ വാഹനങ്ങളും റോഡ് നിയമങ്ങളും അറിയൽ.
7. ഭക്ഷണസാധനങ്ങൾ - ധാരണ

### പ്രതീക്ഷിതനേട്ടങ്ങൾ

- സ്വന്തം ചുറ്റുപാടിനെക്കുറിച്ചുള്ള ധാരണ.
- തൊഴിലിന്റെ മഹത്വം തിരിച്ചറിയുന്നു.
- ആരോഗ്യശുചിത്വബോധം ഉണ്ടാക്കൽ.
- ജീവികൾ കൂടുതൽ അറിവ്
- പരീക്ഷണ നിരീക്ഷണ പ്രാവീണ്യം
- റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ
- ഭക്ഷണസാധനങ്ങളെക്കുറിച്ചുള്ള അറിവ്

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ - ഇല | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

ക്ലാസ് : III പരിസരപഠനം

3

## പൊതുലക്ഷ്യങ്ങൾ:

1. നിരീക്ഷണം, താരതമ്യം, വർഗീകരണം, ലഘുപരീക്ഷണം, നിഗമനം എന്നീ പ്രക്രിയാശേഷികളിലൂടെ ശാസ്ത്രപഠനത്തിൽ താൽപ്പര്യം ഉണ്ടാക്കുന്നു. ശാസ്ത്രാഭിരുചി വളർത്തുന്നു.
2. നിരീക്ഷണ-പരീക്ഷണങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നു.
3. നല്ല ആഹാര ആരോഗ്യശീലങ്ങൾ വളർത്തുന്നു.
4. തൊഴിലിന്റെ മാഹാത്മ്യം തിരിച്ചറിയുന്നു.
5. റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.
6. നമ്മുടെ സംസ്ഥാനം, ജില്ല എന്നിവയെക്കുറിച്ചുള്ള പ്രാഥമിക ധാരണ കൈവരിക്കുന്നു.
7. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, വസ്ത്രം എന്നിവയെക്കുറിച്ചറിയുന്നു.

## പ്രതീക്ഷിതപഠനനേട്ടങ്ങൾ

- ചുറ്റുപാടുമുള്ള സസ്യങ്ങളെയും ജന്തുക്കളെയും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുന്നു. നിരീക്ഷണപാടവം വളർത്തുന്നു.
- ജലം, മണ്ണ് എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള മനോഭാവം വളർത്തിയെടുക്കുന്നു.
- നല്ല ആഹാര-ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധം വളർത്തിയെടുക്കുന്നു. കൃഷിയിൽ താൽപ്പര്യം വളർത്തിയെടുക്കുന്നു.
- വിവിധതരം തൊഴിലുകളെക്കുറിച്ച് അറിയുന്നു. എല്ലാ തൊഴിലും മഹത്വമുള്ളതാണെന്ന് തിരിച്ചറിയുന്നു.
- നിരീക്ഷണപാടവം വളർത്തുന്നു.
- റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.
- കേരളത്തെക്കുറിച്ചും ജില്ലകളെക്കുറിച്ചും സാമാന്യധാരണ നേടുന്നു.
- ഭൂമിയുടെ ആകൃതിയെക്കുറിച്ചും മറ്റും അടിസ്ഥാനധാരണ നേടുന്നു.
- പലതരം വീടുകളെക്കുറിച്ച് മനസ്സിലാക്കുന്നു.

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശര,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം

## ഗണിതം

### ലക്ഷ്യങ്ങൾ

1. 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുകയും ചെയ്യുന്നു.
2. രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (30 വരെ തുക ലഭിക്കുന്നത്)
3. 20 ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ ഉൾപെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു.
4. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.
5. നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്താൻ.
6. സംഖ്യാപാറ്റേൺ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു.
7. അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- 1 മുതൽ 100 വരെ സംഖ്യാബോധം
- സങ്കലനം ശേഷി കൈവരിക്കൽ
- വ്യവകലനം ശേഷി കൈവരിക്കൽ
- നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കൽ
- നാണയങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ
- കറൻസിനോട്ട് പരിചയപ്പെടൽ
- സംഖ്യാപാറ്റേൺ സ്വന്തമായി ഉണ്ടാക്കുന്നു.
- അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കാൻ സാധിക്കുന്നു.

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | ടഞഎ<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ | SSA |

## ക്ലാസ് II

## ഗണിതം

### പൊതുലക്ഷ്യങ്ങൾ

1. 1000 വരെയുള്ള സംഖ്യാബോധം നേടുന്നു.
2. സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകളിൽ പ്രാവീണ്യം നേടൽ.
3. സങ്കലനം, വ്യവകലനം, ഗുണനം എന്നീ ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു.
4. നാണയങ്ങൾ, കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ.
5. ചാൺ, ചുവട് എന്നിവയിലുള്ള ധാരണ.
6. കലണ്ടർ പരിചയപ്പെടൽ അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ
7. യുക്തി ചിന്ത, മന:ക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ
8. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ.

### പ്രതീക്ഷിതനേട്ടങ്ങൾ

- സംഖ്യാബോധം
- സങ്കലനം, വ്യവകലനം ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- നാണയങ്ങൾ, കറൻസി ഉപയോഗിച്ചുള്ള പ്രശ്നനിർദ്ധാരണം.
- ചാൺ, ചുവട് എന്ന ധാരണ.

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

## ക്ലാസ് IV

### ഗണിതം

### പൊതുലക്ഷ്യങ്ങൾ

- നാലക്കസംഖ്യകളെക്കുറിച്ചുള്ള ധാരണ.
- ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സമയം, നീളം, ഭാരം തുടങ്ങിയ മെട്രിക് അളവുകളെക്കുറിച്ചുള്ള ധാരണ.
- ജ്യാമിതീയരൂപങ്ങൾ പരിചയപ്പെടൽ.
- ഭിന്നസംഖ്യ എന്ന ആശയം രൂപീകരിക്കൽ.
- അഞ്ചക്കസംഖ്യകളെക്കുറിച്ചുള്ള ധാരണ.

### പ്രതീക്ഷിതനേട്ടങ്ങൾ

- നാലക്കസംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹരണം നടത്തുന്നു.
- സമയം, നീളം, ഭാരം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ചുറ്റുപാടുമുള്ള ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നു. ക്രിയാഫലം മനക്കണക്കായി പറയുന്നു.

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്. ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# ന്യ പി തലം

# മലയാളം

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# ഇംഗ്ലീഷ്

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിദിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# ഹിന്ദി

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# അടിസ്ഥാന ശാസ്ത്രം

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# സാമൂഹ്യ ശാസ്ത്രം

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഗണിതം

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |